(ബി) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 31-3-2012-ലും 2-7-2014-ലും രണ്ട് യോഗങ്ങൾ വിളിച്ചു ചേർത്ത് തീരുമാനങ്ങൾ എടുത്തിട്ടും 2011 ബഡ്ജറ്റിൽ 1000 കോടിയുടെ ബൈപ്പാസ് പാക്കേജിൽ ഉൾക്കൊള്ളിച്ചിരുന്ന പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാനും ബഡ്ജറ്റിൽ ഉൾപ്പെടുത്താനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാലര വർഷം കഴിഞ്ഞിട്ടും സാധിക്കാത്തതിന് കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത ബൈപ്പാസ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് എത്രനാളിനുള്ളിൽ തയ്യാറാക്കുവാനാണ് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിനായി പി.പി.പി. മാതൃകയിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിനായി കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനത്തെ ഏൽപ്പിക്കുകയുണ്ടായി. 3 കി.മീ. നീളമുള്ള കരയാംപറമ്പ് മുതൽ റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ വരെയുള്ള ഒന്നാം ഘട്ടത്തിന്റെ പ്രാഥമിക ഡി.പി.ആർ. 22-5-2012-ൽ കിറ്റ്കോ സമർപ്പിക്കുകയുണ്ടായി. വിശദമായ ഡി.പി.ആർ. ഉണ്ടാക്കുവാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലഭിച്ചാലുടൻ പരിശോധന നടത്തി അംഗീകാരവും ഭരണാനുമതിയും നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ബി&സി) അങ്കമാലി ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി വിളിച്ചുചേർത്ത വിവിധ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് പി.പി.പി. മാതൃകയിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ ഫിനാൻഷ്യൽ മോഡ്, നിർമ്മാണ കാലാവധി, ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക മുതലായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റായ കിറ്റ്കോയ്ക്ക് വീണ്ടും നിർദ്ദേശം നൽകുകയുണ്ടായി. അതിന്റെ വിശദമായ പഠനം നടന്നു വരികയാണ്. റിപ്പോർട്ട് എത്രയും പെട്ടെന്ന് സമർപ്പിക്കുവാൻ കിറ്റ്കോയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വില്ലേജ് റോഡുകളുടെ പുനരുദ്ധാരണം

335(1420) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ സംസ്ഥാനത്ത് വില്ലേജ് റോഡുകളുടെ മെയിന്റനൻസിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം റോഡുകൾക്ക് എന്ത തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും ഏറ്റവും കൂടുതൽ ഉള്ളതും ഗ്രാമീണ റോഡുകളാകെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നതുമായ ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ ഇതുവരെയും ഈ ഫണ്ട് ലഭ്യമാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ, തിരുവനന്തപുരം ജില്ലയിൽ വില്ലേജ് റോഡുകളുടെ പുനരുദ്ധാരണത്തിനായി 4719 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക നിയോജകമണ്ഡലം അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു :

തിരുവനന്തപുരം	-	500 ലക്ഷം
നേമം	-	300 ലക്ഷം
കാട്ടാക്കട	-	498 ലക്ഷം
വർക്കല	-	500 ലക്ഷം
നെയ്യാറ്റിൻകര	-	500 ലക്ഷം
കഴക്കൂട്ടം	-	524 ലക്ഷം
നെടുമങ്ങാട്	-	500 ലക്ഷം
അരുവിക്കര	-	500 ലക്ഷം
പാറശ്ശാല	-	470 ലക്ഷം
വട്ടിയൂർക്കാവ്	-	400 ലക്ഷം
ആകെ		4719 ലക്ഷം

(ബി) ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly